# PETALS
## of Malankara

ഏവർക്കും മലങ്കരയുടെ
ക്രിസ്തുമസ് പുതുവത്സര
ആശംസകൾ




**147120+**
Happy Members

**17445+**
Depositors

**74570+**
Loanees

Vol: 48 | Issue: December 2025

# MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | customercare@mmsccs.com | Toll-free: 1800 313 1223

(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Boby Group



Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Malankara Credit Society Ltd**

**Editorial Board**

**Chief Editor**
**Mr. Jisso Baby**
Chairman

**Sub Editor**
**Mrs.Mariyama Pious**
Vice Chairperson

**Jose ML**
**Aiswarya Sanesh**
**Printo CJ**
**Vishnu Prakash**
**Digin Kumar**

**Design & Layout**
**Adham Antony**


## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence




**CASH AWARD IS BEING PRESENTED TO THE HIGHEST NOS OF BORROWERS FOR THE MONTH OF NOVEMBER 2025**

MALANKARA CREDIT SOCIETY LTD
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED



# MESSAGE

**ലോകത്തിലെ ആയിരകണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

പ്രിയപ്പെട്ട മെമ്പർമാരെ,

മലങ്കര ക്രെഡിറ്റ് സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം 2025 ഒരു സുപ്രധാന വർഷമായിരുന്നു. കേരളം, തമിഴ്നാട്, കർണാടക എന്നീ മൂന്ന് സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 1,47,000ൽ പരം മെമ്പർമാരാണ് മലങ്കരയുടെ ഏറ്റവും വലിയ ശക്തി. ഈ വർഷം കൂടുതൽ മെമ്പർമാരെ നേടാനും, അവർക്ക് മികച്ച സേവനങ്ങൾ നൽകിക്കൊണ്ട് ബിസിനസ്സ് വളർത്താനും നമുക്ക് കഴിഞ്ഞു. ഈ ഒരു വർഷക്കാലം നിങ്ങൾ നൽകിയ നിസ്സീമമായ പിന്തുണയ്ക്ക് ഓരോ മെമ്പർമാരോടും ഞാൻ ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

നമ്മുടെ പ്രൊമോട്ടറും ബോബി ചെമ്മണൂർ ഇന്റർനാഷണൽ ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബോചെ (ഡോ. ബോബി ചെമ്മണൂർ) സൊസൈറ്റിയുടെ ബിസിനസ്സ് വളർച്ചയ്ക്ക് നൽകുന്ന അകമഴിഞ്ഞ പിന്തുണയ്ക്ക് പ്രത്യേക നന്ദി പറയുന്നു.

എല്ലാ ജീവനക്കാർക്കും അവരുടെ അർപ്പണബോധത്തിനും കഠിനാധ്വാനത്തിനും ഞാൻ നന്ദി അറിയിക്കുന്നു. സ്ഥാപനത്തിന്റെ വിജയത്തിനായി അവർ ഓരോരുത്തരും നൽകുന്ന മികച്ച പിന്തുണ അഭിനന്ദനാർഹമാണ്.

ഈ വർഷം ലോകമാകെയുള്ള സഹകരണ സംഘങ്ങളെ പ്രതിനിധീകരിക്കുന്ന ഇന്റർനാഷണൽ കോഓപ്പറേറ്റീവ് അലയൻസ് (ICA) അംഗത്വം ലഭിച്ചത് നമ്മുടെ സൊസൈറ്റിയുടെ നേട്ടമാണ്. കൂടാതെ, മെമ്പർമാർക്ക് ലളിതമായ രീതിയിൽ സുരക്ഷിതമായ സാമ്പത്തിക ഇടപാടുകൾ വളരെ വേഗത്തിൽ നടത്താൻ മലങ്കര മെമ്പർ ആപ്പ് എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ അവതരിപ്പിക്കാനും സൊസൈറ്റിക്ക് കഴിഞ്ഞു.

കഴിഞ്ഞ മൂന്ന് വർഷമായി (2023 -2025) നമുക്ക് തുടർച്ചയായി മൂന്ന് ദേശിയ അവാർഡുകൾ നേടാൻ സാധിച്ചത് നിങ്ങളുടെയെല്ലാം സഹകരണത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമാണ്.

സാമ്പത്തിക കാര്യങ്ങളിൽ, ഈ വർഷം നമുക്ക് അഭിമാനകരമായ നേട്ടം കൈവരിക്കാനായി. നമ്മുടെ ബിസിനസ്സ് 1000 കോടി രൂപ കടന്ന് ഇപ്പോൾ 1076 കോടി രൂപയിൽ എത്തി നിൽക്കുന്നു. ഈ വളർച്ച നിങ്ങളുടെയെല്ലാം സഹകരണത്തിന്റെ ഫലമാണ്. നമ്മുടെ സൊസൈറ്റിക്ക് നാഷണൽ കോഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC) 100 കോടി രൂപ അനുവദിച്ചത് അംഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും കുറഞ്ഞ നിരക്കിൽ വായ്പ അനുവദിക്കുന്നതിനും സഹായകമാകും. കൂടാതെ, വാർഷിക പൊതുയോഗത്തിൽ വെച്ച് 87,000 അംഗങ്ങൾക്ക് ലാഭവിഹിതം വിതരണം ചെയ്യാൻ സാധിച്ചത് സന്തോഷകരമായ മറ്റൊരു നേട്ടമാണ്.

ഈ വിജയങ്ങൾ ഓരോ മെമ്പർമാർക്കും തുല്യമായി അവകാശപ്പെട്ടതാണ്. മലങ്കരയുടെ തുടർ യാത്രയിൽ നിങ്ങളുടെ പിന്തുണ ഇനിയും ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

പുതിയ പ്രതീക്ഷകളുമായി ക്രിസ്തുമസും പുതുവത്സരവും കടന്നുവരുമ്പോൾ, നിങ്ങൾക്കും നിങ്ങളുടെ കുടുംബാംഗങ്ങൾക്കും എന്റെ ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേരുന്നു.

എന്ന് നിങ്ങളുടെ സ്വന്തം,

ജിസ്സോ

# FROM THE DESK OF CEO



**Dear Members, Staff, and Well-wishers,**

The cooperative sector has always stood for trust, inclusion, and community-led growth. Today, as we enter a new digital era, Artificial Intelligence (AI) and Machine Learning (ML) are emerging as powerful enablers to strengthen these very values.

In cooperatives like Malankara, AI and ML are not about replacing people—they are about empowering people & provide superior service to our members. While AI supports intelligent automation and decision support, ML helps us learn from data patterns over time to make better predictions and proactive decisions. Together, they enable faster and fairer credit assessments provide Per approved loans to our members,early identification of stress accounts, and more responsive member services through smart support systems.

AI and ML also bring greater transparency and consistency to operations. ML-based models help in risk scoring, fraud detection, demand forecasting, and portfolio monitoring, allowing us to anticipate challenges rather than merely react to them. This strengthens financial discipline while protecting member deposits and institutional stability.

At the same time, technology must always be guided by cooperative values. We remain committed to the responsible, ethical, and human-supervised use of AI and ML, with strong data privacy standards, regulatory compliance, and fairness at the core. Technology will support decision-making—but accountability will always remain with people.

As we move forward, let us embrace AI and ML as partners to our collective wisdom, blending time-tested cooperative principles with modern data intelligence. This balanced approach will help Malankara build a future-ready, resilient, and member-centric cooperative ecosystem.

With warm regards,

**Sivaprakash.P**
**Dy CEO, Malankara Credit Society**

# ടാഗോറിന്റെ ശാന്തിനികേതൻ

കൊൽക്കത്തയിലെ ബാങ്കിലെ ജോലിയുമായി മുന്നോട്ടു പോകുന്നതിനിടയിലാണ് ശാന്തിനികേതനിൽ പോകാനുള്ള തീരുമാനം. ദേവേന്ദ്രനാഥ് ടാഗോറിനാൽ 1863 ൽ തുടങ്ങി വെയ്ക്കുകയും രവീന്ദ്രനാഥ ടാഗോറിനാൽ വിശ്വഭാരതി സർവ്വകലാശാലയായി രൂപാന്തരം പ്രാപിക്കുകയും ചെയ്ത ഒരു തീർത്ഥാടന കേന്ദ്രമാണ് ശാന്തിനികേതൻ.

കൊൽക്കത്ത ഹൗറാ സ്റ്റേഷനിൽ നിന്ന് ട്രെയിൻ കയറി ഏതാണ്ട് രണ്ടര മണിക്കൂറിനകം ഉച്ചയോടെ ശാന്തിനികേതനിൽ എത്തി. ശാന്തിനികേതൻ ശരിക്കും ഒരു നാട്ടിൻപുറം തന്നെയാണ്. ഓട്ടോയോ ടാക്സിയോ ഒന്നുമില്ലാത്ത സ്റ്റേഷൻ. നേരെ ഒരു സൈക്കിൾ റിക്ഷയിൽ കയറി ശാന്തി നികേതനിലെത്തി. ചുറ്റുമതിലിനകത്തുള്ള ശാന്തിനികേതനിലേക്ക് പ്രവേശിച്ചതും വിദ്യാഭ്യാസകാലത്ത് പുസ്തകങ്ങളിൽ പഠിച്ചതും കേട്ടതുമായ ശാന്തിനികേതനിൽ വളരെ ആകാംക്ഷയോടെ ചുറ്റി നടന്നു.

ടാഗോർ നിർമ്മിച്ച ഉപാസനഗ്രഹയും ഗ്ലാസ്സ് കൊണ്ടുള്ള പ്രാർത്ഥനാ ഹാളും കണ്ടു. എവിടെ നോക്കിയാലും വളരെ ശാന്തതയാണ് ശാന്തിനികേതനിൽ. ടാഗോർ താമസിച്ചിരുന്ന വാസസ്ഥലം, ഗാന്ധിജി, നെഹ്റു എന്നിവരുമായി ചർച്ച നടത്തിയ സ്ഥലങ്ങൾ എല്ലാം കണ്ടു. വിദ്യഭ്യാസകാലത്ത് ഇന്ദിരാഗാന്ധി ശാന്തിനികേതനിൽ താമസിച്ചിരുന്ന കോർട്ടേഴ്സ് എന്നിവയും ഗൈഡ് കാണിച്ചു തന്നിരുന്നു. കൂടാതെ നോബൽ പ്രൈസ് കിട്ടിയ അമർത്യാസെൻ ചെറുപ്പം മുതൽ ജീവിച്ചിരുന്ന വീടും ഇപ്പോൾ ശാന്തിനികേതനിൽ ഉണ്ട്. ഇന്നിപ്പോൾ ശാന്തിനികേതൻ യുനസ്കോയുടെ ലോക പൈതൃക പട്ടികയിൽ (World Heritage List) കയറിയിട്ടുണ്ട്. ഏതാണ്ട് രണ്ട് മൂന്ന് മണിക്കൂർ ശാന്തിനികേതനിൽ ചിലവഴിച്ച് തിരിച്ച് ട്രെയിൻ കയറി കൊൽക്കത്തയിൽ രാത്രിയോടെ എത്തി. ചെറുപ്പകാലത്ത് മനസ്സിൽ തങ്ങി നിന്ന ശാന്തിനികേതൻ സന്ദർശിച്ച സന്തോഷത്തോടെ ആ യാത്ര അവസാനിച്ചു. ഇനി അടുത്ത യാത്രയുടെ കാത്തിരിപ്പുമായി ജീവിത യാത്ര തുടർന്നു.

**" Santhi Niketan is a place where the past and present merge, and the old and new co exist in harmony" - Amartya Sen."**

ഹൃദയപൂർവ്വം
എ.ഐ. ജെയിംസ്


Shantiniketan Griha


Upasana Griha


Bell Stand


Viswabharti University


Bolapur Shantiniketan station


Amartya Sen House




Tagore house



A I JAMES
BCOM, CAIIB, ICWA, ACS

# CHRISTMAS AND NEW YEAR WISHES



Jisso Baby
Chairman, Malankara Credit Society

'പുതിയ പ്രതീക്ഷകളുമായി ക്രിസ്തുമസും പുതുവത്സരവും കടന്നുവരുമ്പോൾ, നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും സന്തോഷകരമായ ക്രിസ്തുമസ് ആശംസിക്കുന്നു
പുതിയ ഊർജ്ജത്തോടെയും വിജയത്തോടെയും നമുക്ക് ഒരുമിച്ച് പുതുവത്സരത്തിലേക്ക് കടക്കാം.'



Mariyama Pious, Vice Chairperson,
Malankara Credit Society

യേശു എല്ലാ മനുഷ്യരുടെയും രക്ഷകനാണ്. ലോകത്തെ രക്ഷിക്കാനാണ് യേശു ക്രിസ്തു ഭൂജാതനായത്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റെയും മാതൃകയാണ് യേശു. യേശുവിന്റെ പിറന്നാളാണ് ക്രിസ്തുമസ് എല്ലാവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേർന്നുകൊള്ളുന്നു.



Sivaprakash.P
Dy CEO, Malankara Credit Society

Merry Christmas and Happy New Year to our members, staff, and well-wishers. May the season bring peace, prosperity, and renewed strength as we move forward together.



Francis Antony
COO, Malankara Credit Society

Wishing all my colleques a merry Xmas and a new year filled with great vibes, good people and good times.



Sandhya p k
CFO, Malankara Credit Society

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പങ്കിടലിന്റെയും സന്ദേശം ഓർമിപ്പിക്കുന്ന ഈ വേളയിൽ എല്ലാവർക്കും ഹൃദയം നിറഞ്ഞ ക്രിസ്തുമസ് ആശംസകൾ നേരുന്നു.



Ramesh K
CGM, Malankara Credit Society

In our perfect ways. In the ways we are beautiful. In the ways we are human. We are here. Merry Christmas and Happy New Year. Let's make it ours.



Subramanian Karthik Narayan
CRO, Malankara Credit Society

As we step in to a new year with lots of hope and good wishes to serve each and every member, pledging ourselves to create an impact on society through fulfilling the financial needs of all our members. Here's wishing all our near and dear ones a merry Christmas and an extremely happy New Year 2026 !!!



Vijay Sebastian
SGM, Malankara Credit Society

Wishing all of you and your families a joyful and blessed Christmas. May this season bring peace, happiness, and togetherness into your homes. Thank you for your hard work and commitment throughout the year towards Malankara Credit Society.



Sanooj P
SGM, Malankara Credit Society

Happy Christmas to all Malankara family. May the birth of our Lord Jesus Christ fill every Malankara home with peace, joy, good health, and prosperity.May this holy season strengthen our faith, unity, and love for one another. Warm Christmas wishes to you and your loved ones.

## My Companion

I longed for him to hold my hand
To listen to my fears
To walk the fire along with me
To console me gently as I sobbed
To wipe my hurts with words that soothed
To show me that there was a rainbow in the dull sky
That after darkness comes light
After tears, smiles
When he stayed away
I was heart broken
I felt alone
I had no reason to live
Until I realised that,
All along, HE was with me
Guiding me gently
Holding me firmly
Watching my every step
I was no longer and was never ever alone
Is any mortal being unguided by the eternal force?
Who is an orphan when the Almighty is a
constant companion?



**DEEPA.T.G**
THRISSUR





**ASWIN P S**
VENGINISSERY

## വിവാഹ മംഗളാശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി വെള്ളനാട് സിഎഫ്സിയിലെ
മെമ്പറായ സിന്ധുവിന്റെ മകളുടെ വിവാഹത്തിന്
സൊസൈറ്റിയുടെ മംഗളാശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി ബാലരാമപുരം
സിഎഫ്സിയിലെ മെമ്പറായ നിനിയുടെ മകന്റെ
വിവാഹത്തിന് സൊസൈറ്റിയുടെ മംഗളാശംസകൾ

## ക്രിസ്തുമസ്

ലോകമെമ്പാടുമുള്ള ക്രൈസ്തവർ യേശു ക്രിസ്തുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന പുണ്യദിനമാണ് ക്രിസ്തുമസ്. മതപരമായ അതിർവരമ്പുകൾക്കപ്പുറം, സ്നേഹം, പങ്കു വെക്കൽ, സന്തോഷം, സാഹോദര്യം എന്നീ ഉദാത്തമായ സന്ദേശങ്ങൾ നൽകിക്കൊണ്ട് ക്രിസ്തുമസ് ലോകമെങ്ങും ആഘോഷിക്കപ്പെടുന്നു.

ഉണ്ണിയേശുവിന്റെ ജനനം
ഏകദേശം രണ്ടായിരം വർഷങ്ങൾക്കുമുമ്പ്, പാലസ്തീനിലെ ബെത്‌ലഹേമിലെ ഒരു കാലി ത്തൊഴുത്തിലാണ് ഉണ്ണിയേശു പിറവിയെടുത്തത് എന്നാണ് നമ്മുടെ വിശ്വാസം. ഈ ലോകത്തിന് രക്ഷകനായി ദൈവം തന്റെ ഏകപുത്രനെ നൽകി എന്നതിന്റെ ഓർമ്മപ്പെടുത്തലാണ് ഓരോ ക്രിസ്തുമസും. രാജകീയമായ കൊട്ടാരത്തിലോ, ആഡംബരത്തിലോ ആയിരുന്നില്ല, മറിച്ച് ദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമായി ഒരു പുൽക്കൂട്ടിലായിരുന്നു ആ ജനനം. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം' എന്ന സന്ദേശമാണ് ആ തിരുപ്പിറവി നൽകുന്നത്.

## സുഷുപ്തി



ANEY K
DIRECTOR

ജീവ ചൈതന്യങ്ങളുടെയും ശവക്കൂനകളുടെയും ഇടനാഴികളിലെവിടെയോ വെണ്ണീർ പക്ഷികളാൽ സമന്വയം പ്രാപിച്ചു പിന്നീട് ഭ്രാന്തമായ വിചിന്തനങ്ങളിൽ അടിമപ്പെട്ട് അകക്കണ്ണുകളിൽ നിന്നും പറന്നകന്ന ഒരു വെറും തൂവൽ പക്ഷി.... ആര് ആരാൽ തളയ്ക്കപ്പെട്ടെന്നറിയാതെ നൃത്ത ഹാസ്യങ്ങളുടെ പൊടിപടലങ്ങളിൽ താണ്ഡവന്മാർ ശിലകളായ് രൂപാന്തരപ്പെട്ടു... അവയ്ക്ക് ജിവൻ കൊടുത്ത ആ ശില്പി...അത് ഞാനല്ല..., പഴമയുടെ അന്തർഗർഭങ്ങളിൽ ജ്വാലപകർപ്പ് ഏകി, പിന്നെ ദേവനാൽ ഗ്രഹിക്കപ്പെട്ട്, അപഹരിക്കപ്പെട്ട്, സംഗ്രഹിക്കപ്പെട്ട്....ശേഷം പുനർജനിക്കപ്പെട്ട ഒരു ദേവത മാത്രം ഏകയായി... അവൾക്ക് വേണ്ടി ആവണം ഈ യാത്ര!!





DOMSON SIMON
THRISSUR

ആഘോഷത്തിന്റെ നിറക്കാഴ്ചകൾ
ക്രിസ്മസ് ആഘോഷങ്ങൾ അതിന്റേതായ പ്രത്യേകതകൾ നിറഞ്ഞതാണ്. ഡിസംബർ മാസം തുടങ്ങുന്നതോടെ തന്നെ ആഘോഷത്തിനുള്ള ഒരുക്കങ്ങൾ ആരംഭിക്കും.
നക്ഷത്രവിളക്കുകൾ: രക്ഷകൻ പിറന്ന വിവരം ലോകത്തെ അറിയിച്ച ബെത്‌ലഹേമിലെ നക്ഷത്രത്തിന്റെ ഓർമ്മ പുതുക്കി വീടുകളിലും തെരുവുകളിലും അലങ്കാര നക്ഷത്രങ്ങൾ തൂക്കുന്നു.
പുൽക്കൂട്: ഉണ്ണിയേശുവിന്റെ ജനനത്തെ അനുസ്മരിച്ചുകൊണ്ട് പള്ളികളിലും വീടുകളിലും പുൽക്കൂടുകൾ ഒരുക്കുന്നു. പുൽക്കൂട് ലാളിത്യത്തിന്റെയും വിനയത്തിന്റെയും പ്രതീകമാണ്.
ക്രിസ്മസ് ട്രീ: ക്രിസ്തുമസ് ആഘോഷങ്ങളിലെ പ്രധാന ആകർഷണമാണ് അലങ്കരിച്ച ക്രിസ്തുമസ് ട്രീ. നിത്യതയുടെയും പ്രത്യാശയുടെയും പ്രതീകമായാണ് ഇതിനെ കണക്കാക്കുന്നത്.
കരോൾ ഗാനങ്ങൾ: ക്രിസ്തുമസിനോട് അനുബന്ധിച്ച് ഗായകസംഘങ്ങൾ വീടുകൾതോറും കയറിയിറങ്ങി കരോൾ ഗാനങ്ങൾ ആലപിക്കുന്നത് (കരോളിംഗ്) കേരളത്തിലെ പ്രധാനപ്പെട്ട ഒരു ആഘോഷമാണ്.
സാന്താക്ലോസ്: കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി സന്തോഷിപ്പിക്കുന്ന സാന്താക്ലോസ് (ക്രിസ്തുമസ് അപ്പൂപ്പൻ) ക്രിസ്തുമസ് ആഘോഷങ്ങളുടെ അവിഭാജ്യ ഘടകമാണ്.
പാതിരാ കുർബാന: ക്രിസ്മസ് തലേന്ന് അർദ്ധരാത്രിയിൽ പള്ളികളിൽ നടക്കുന്ന പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയായ 'പാതിരാ കുർബാന' (തിരുപ്പിറവി കർമ്മങ്ങൾ) വിശ്വാസികൾക്ക് പ്രധാനമാണ്.
ക്രിസ്തുമസ് നൽകുന്ന സന്ദേശം
ക്രിസ്തുമസ് വെറുമൊരു ആഘോഷം മാത്രമല്ല, അതൊരു സന്ദേശം കൂടിയാണ്. സ്നേഹത്തിന്റെ സന്ദേശം: ദൈവത്തിന്റെ നിരുപാധികമായ സ്നേഹമാണ് ക്രിസ്തുമസ് നമ്മെ ഓർമ്മിപ്പിക്കുന്നത്.സമാധാനത്തിന്റെ സന്ദേശം: ഈ ലോകത്തിൽ ശാന്തിയും സമാധാനവും ഉണ്ടാകേണ്ടതിന്റെ ആവശ്യകത അത് നമ്മെ പഠിപ്പിക്കുന്നു.
ത്യാഗത്തിന്റെ സന്ദേശം: മറ്റുള്ളവർക്കായി നമ്മെത്തന്നെ സമർപ്പിക്കാനും ദാനം ചെയ്യാനും, പങ്കുവെക്കാനും ക്രിസ്തുമസ് നമ്മെ പ്രേരിപ്പിക്കുന്നു.
ലാളിത്യത്തിന്റെ സന്ദേശം: ലാളിത്യത്തോടെ ജീവിക്കാനും വിനയമുള്ളവരായിരിക്കാനും ഉണ്ണിയേശുവിന്റെ ജനനം നമ്മെ പഠിപ്പിക്കുന്നു.
കാലം എത്ര മാറിയാലും, ക്രിസ്തുമസ് ലോകത്തിന് നൽകുന്ന ഈ മനോഹരമായ സന്ദേശങ്ങൾക്ക് ഒരു മാറ്റവുമില്ല. പരസ്പരം സമ്മാനങ്ങൾ കൈമാറിയും, പാട്ടുപാടിയും, ഒത്തുചേർന്നും, സ്നേഹം പങ്കുവെച്ചും ലോകം ഈ തിരുപ്പിറവി ആഘോഷിക്കുന്നു. എല്ലാവർക്കും ഒരു നല്ല നാളേക്ക് വേണ്ടിയുള്ള പ്രത്യാശയും, സന്തോഷവും, സമാധാനവും ഈ ക്രിസ്തുമസ് നൽകട്ടെ.




## CHAIRMAN'S EVER ROLLING TROPHY
## BEST BRANCH FOR THE MONTH OF NOVEMBER 2025

MALANKARA
CREDIT SOCIETY LTD
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

# പാചക രംഗം

## പയ്യോളി ചെമ്മീൻ ഫ്രൈ



Neethu Jose
Thrissur

### ചേരുവകൾ

ചെമ്മീൻ - 500 gm , മുളക്പൊടി - 1 Tsp
കാശ്മീരി മുളക്പൊടി - 1/2 Tsp , മഞ്ഞൾ പൊടി - 1/2 Tsp
ജീരകപ്പൊടി - 1/4 Tsp , പെരുംജീരകപൊടി - 1 1/4 Tsp
ഇഞ്ചി വെളുത്തുള്ളി അരച്ചത് - 1 Tsp , കോൺ ഫ്ലോർ - 1/2 Tsp
ഉപ്പ് - ആവശ്യത്തിന് , തേങ്ങ ചിരവിയത് - 1/4 Tsp
ചുവന്നുള്ളി - 10 എണ്ണം , വേപ്പില - 2 തണ്ട് , മുട്ട - 1
നാരങ്ങാ നീര് - 1/2 , വെളിച്ചെണ്ണ - ആവശ്യത്തിന്

### തയ്യാറാകുന്ന വിധം

കഴുകി വൃത്തിയാക്കിയ ചെമ്മീനിൽ, മുളക്പൊടി മഞ്ഞൾപൊടി, ജീരകപ്പൊടി, 1 സ്പൂൺ പെരുംജീരകപൊടി, ഇഞ്ചി, വെളുത്തുള്ളി അരച്ചത്, നാരങ്ങാനീര്, കോൺഫ്ലോർ, ഉപ്പ് ആവശ്യത്തിന് എന്നിവ ചേർത്ത് അരമണിക്കൂർ മാറ്റിവെക്കുക. കാൽ കപ്പ് തേങ്ങാ ചിരവിയത്, ചുവന്നുള്ളി കാശ്മീരി മുളക്പൊടി, ഉപ്പ്, പെരുംജീരകപൊടി - അര ടീസ്പൂൺ, വേപ്പില എന്നിവ നന്നായി തിരുമ്മി എടുക്കുക ഒരു ഫ്രയിങ് പാനിൽ വെളിച്ചെണ്ണ ഒഴിച്ച് ചൂടാകുമ്പോൾ, ചെമ്മീൻ വറുത്തു മാറ്റുക, അതേ എണ്ണയിൽ, മുട്ട കൊത്തി പൊരിച്ചെടുത്ത് മാറ്റി വെക്കുക, അതിനുശേഷം അതേ പാനിൽ കുറച്ച് വെളിച്ചെണ്ണ ഒഴിച്ച് ചൂടാകുമ്പോൾ തേങ്ങ തിരുമ്മിയത് വഴറ്റിയതിനുശേഷം, ചെമ്മീൻ വറുത്തതും, മുട്ട പൊരിച്ചതും ചേർത്ത് വഴറ്റി തീ ഓഫ് ചെയുക, വറ്റൽ മുളക് ചതച്ചത് ചേർത്ത് അലങ്കരിച്ച് വിളമ്പുക, സ്വാദിഷ്ടമായ കിടിലൻ ചെമ്മീൻ റെസിപ്പി റെഡി.







**ABHINAVKRISHNA**
PERAMANGALAM



**AHALYA C R**
KALLUR







**PRAYAG VP**
VALARKKAVU



**ANNA ROSE JISSO**
THRISSUR



# Congratulations

## BUSINESS CORRESPONDENT (BC)

### PERSONAL LOAN



**SUMAN DAVIES**
**7.41 LAKHS**



**SNEHIN M G**
**7.37 LAKHS**



**M S ARJUN MANGAL**
**6.69 LAKHS**

### PROPERTY LOAN



**BIPIN RAJ C R**
**6 LAKHS**






**JISHNU SANTHOSH**
TRIKUR



# Happy Birthday



SIJO SUNNY



ANJANA SALIN



DIGIN KUMAR



DON JACOB



AMRUTHA M S



R BOJARAJAN




SUMESH S



VINEESH KUMAR




MANJU.M.U



SATHIYA B



LALMA P



RAJESH K



SHIJIN DOMINIC



NISHA



MANIKANDAN A S



RAJESH C R



GAUTHAM S HARI

## INDUCTION TRAINING CONDUCTED FOR THE NEW EMPLOYEES



LEFT TO RIGHT Bottom: Sumesh S, Saranraj, Suraj R, Amal M S, Albin B, Remya Krishna,Shifana C A, krishnapriya M R.
LEFT TO RIGHT Middle: Krishnakumari A S, Archana Ravi, Sneha P,Akshay Chandran, Shibu K C
LEFT TO RIGHT Top: Dhidheesh A R, Akbar Ali T, Santhanu A J, Naveen Kumar, Rahul T K, Rahul reji, Abhijith R, Robin Benny, Manikandan, Digin kumar,

## TOP PERFORMERS OF NOVEMBER ASSIST TO MEMBER (AM)



**DEVARAJAN K**
**14.75 LAKHS**



**USHA ROY**
**11 LAKHS**



**RADAKRISHNAN K S**
**4.55 LAKHS**

## LIABILITY PRODUCTS ACHIEVERS FOR THE MONTH OF NOVEMBER



**ANJITHA B**
CFC MANAGER
BALARAMAPURAM
**21.84 LAKHS**



**PREETHA G D**
AREA MANAGER
TRIVANDRUM
**20.98 LAKHS**



**AISWARYA K S**
TELECALLING
THRISSUR
**16.80 LAKHS**

### നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു. നിങ്ങളുടെ കലാസൃഷ്ടികൾ 95621 97162 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ അല്ലെങ്കിൽ designer@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**

**ഇമാഗസിൻ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ**



RAJEEV
KARIMULACKAL



PRAMOD
THALASSERY



ASWATHY P S
THRISSUR